പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 210

# 2019-ലെ കേരള ദേവസ്വം ട്രൈബ്യൂണൽ ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

Published on 10-10-2019

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 210.

# 2019-ലെ കേരള ദേവസ്വം ട്രൈബ്യൂണൽ ബിൽ

915/2019.

# 2019-ലെ കേരള ദേവസ്വം ട്രൈബ്യൂണൽ ബിൽ

കേരള സംസ്ഥാനത്തെ ദേവസ്വം ബോർഡുകളുടെയും, ദേവസ്വം മാനേജിംഗ് കമ്മിറ്റികളുടെയും ഭരണനിർവ്വഹണത്തിൻ കീഴിലുള്ള ദേവസ്വം വസ്തുവകകൾ സംബന്ധിച്ച തർക്കങ്ങൾ തീർപ്പുകൽപ്പിക്കുന്നതിന് ഒരു ട്രൈബ്യൂണൽ രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്തെ ദേവസ്വം ബോർഡുകളുടെയും ദേവസ്വം മാനേജിംഗ് കമ്മിറ്റികളുടെയും ഭരണനിർവ്വഹണത്തിൻ കീഴിലുള്ള ദേവസ്വം വസ്തുവകകൾ സംബന്ധിച്ച തർക്കങ്ങൾ തീർപ്പുകൽപ്പിക്കുന്നതിന് ഒരു ട്രൈബ്യൂണൽ രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാലും;

നിരവധി വ്യവഹാരങ്ങൾ സിവിൽ കോടതികളുൾപ്പെടെയുള്ള വിവിധ അധികാര സ്ഥാനങ്ങളിൽ തീർപ്പാകാതെ നിലനിൽക്കുന്നതിനാലും;

അപ്രകാരമുള്ള വ്യവഹാരങ്ങൾ വേഗത്തിൽ തീർപ്പാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നതിനാലും;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2019-ലെ കേരള ദേവസ്വം ട്രൈബ്യൂണൽ ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) "അധികാരസ്ഥാനം" എന്നാൽ സംസ്ഥാനത്തെ ദേവസ്വം ബോർഡുകളുടെയും ദേവസ്വം മാനേജിംഗ് കമ്മിറ്റികളുടെയും ഭരണനിർവ്വഹണത്തിൻ കീഴിലുള്ള ദേവസ്വം വസ്തുവകകൾ സംബന്ധിച്ച തർക്കങ്ങൾ തീർപ്പാക്കുവാൻ, സർക്കാർ, രൂപീകരിച്ച അധികാരസ്ഥാനം എന്നർത്ഥമാകുന്നതും അതിൽ ഏതൊരു സർക്കാർ ഉദ്യോഗസ്ഥന്റെ മുൻപിലാണോ അത്തരം തർക്കങ്ങൾ തീർപ്പാക്കാതെ നിലനിൽക്കുന്നത് അങ്ങനെയുള്ള ഉദ്യോഗസ്ഥൻ ഉൾപ്പെടുന്നതുമാകുന്നു;

(ബി) "ചെയർപേഴ്സൺ" എന്നാൽ ട്രൈബ്യൂണലിന്റെ ചെയർപേഴ്സൺ എന്നർത്ഥമാകുന്നു;

(സി) "ധർമ്മ എൻഡോവ്മെന്റ്" എന്നാൽ 1951-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ ആക്റ്റിലെ (1951-ലെ XIX-ാം മദ്രാസ് ആക്റ്റ്) 2-ാം വകുപ്പ് (4)-ാം ഖണ്ഡപ്രകാരം രൂപീകരിക്കപ്പെട്ട ധർമ്മ എൻഡോവ്മെന്റ് എന്നർത്ഥമാകുന്നു;

(ഡി) "കോടതി" എന്നാൽ കേരള സംസ്ഥാനത്തിലെ സിവിൽ കോടതികൾ എന്നർത്ഥമാകുന്നു;

(ഇ) "ദേവസ്വം ബോർഡ്" എന്നാൽ 1950-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ ആക്റ്റിൻ കീഴിൽ (1950-ലെ XV-ാം ആക്റ്റ്) രൂപീകരിക്കപ്പെട്ട തിരുവിതാംകൂർ ദേവസ്വം ബോർഡ് അല്ലെങ്കിൽ കൊച്ചിൻ ദേവസ്വം ബോർഡ് അല്ലെങ്കിൽ 1951-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ ആക്റ്റിൻ കീഴിൽ (1951-ലെ XIX-ാം മദ്രാസ് ആക്റ്റ്) രൂപീകരിക്കപ്പെട്ട മലബാർ ദേവസ്വം ബോർഡ് എന്നർത്ഥമാകുന്നു;

(എഫ്) "ദേവസ്വം മാനേജിംഗ് കമ്മിറ്റി" എന്നാൽ 1978-ലെ ഗുരുവായൂർ ദേവസ്വം ആക്റ്റിലെ (1978-ലെ 14) വ്യവസ്ഥകൾ പ്രകാരം രൂപീകരിക്കപ്പെട്ട ഗുരുവായൂർ ദേവസ്വം മാനേജിംഗ് കമ്മിറ്റി അല്ലെങ്കിൽ 2005-ലെ കൂടൽമാണിക്യം ദേവസ്വം ആക്റ്റിലെ (2007-ലെ 2) വ്യവസ്ഥകൾ പ്രകാരം രൂപീകരിക്കപ്പെട്ട കൂടൽമാണിക്യം ദേവസ്വം മാനേജിംഗ് കമ്മിറ്റി എന്നർത്ഥമാകുന്നു;

(ജി) "ദേവസ്വം വസ്തുവകകൾ" എന്നാൽ ദേവസ്വം ബോർഡുകളുടെയോ ദേവസ്വം മാനേജിംഗ് കമ്മിറ്റികളുടെയോ ഉടമസ്ഥതയിലുള്ള വസ്തുവകകളും പ്രസ്തുത ദേവസ്വം ബോർഡുകളുടെയോ ദേവസ്വം മാനേജിംഗ് കമ്മിറ്റികളുടെയോ ഭരണനിർവ്വഹണത്തിൻ കീഴിലുള്ള ഏകാംഗീകൃതമോ ഏകാംഗീകൃതമല്ലാത്തതോ ആയ ദേവസ്വങ്ങളുടെയോ ഹിന്ദുമത എൻഡോവ്മെന്റുകളുടെയോ വസ്തുവകകൾ എന്നർത്ഥമാകുന്നു;

(എച്ച്) "തർക്കം" എന്നാൽ ദേവസ്വങ്ങളുടെ ഭൂമിയിൻമേലോ ഭൂമിയെ സംബന്ധിച്ചോ ഉള്ള ഉടമസ്ഥാവകാശമോ കൈവശാവകാശമോ അധിവാസമോ ഉപയോഗമോ അല്ലെങ്കിൽ മറ്റേതെങ്കിലും അവകാശമോ സംബന്ധിച്ച എല്ലാ തർക്കങ്ങളും എന്നർത്ഥമാകുന്നു;

(ഐ) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ജെ) "ഹിന്ദുമത എൻഡോവ്മെന്റ്" എന്നാൽ 1950-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ ആക്റ്റിലെ (1950-ലെ XV-ാം ആക്റ്റ്) 2-ാം വകുപ്പ് (ബി) ഖണ്ഡത്തിൽ നിർവ്വചിച്ച പ്രകാരമുള്ള ഹിന്ദുമത എൻഡോവ്മെന്റ് എന്നർത്ഥമാകുന്നു;

(കെ) "സ്ഥാപനം" എന്നാൽ 1950-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ ആക്റ്റിലെ (1950-ലെ XV-ാം ആക്റ്റ്) 61-ാം വകുപ്പ് (6)-ാം ഖണ്ഡത്തിൽ നിർവ്വചിച്ച പ്രകാരമുള്ള സ്ഥാപനം എന്നർത്ഥമാകുന്നു;

(എൽ) "വിജ്ഞാപനം" എന്നാൽ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിച്ച വിജ്ഞാപനം എന്നർത്ഥമാകുന്നു;

(എം) "താല്പര്യമുള്ള ആളുകൾ" എന്നാൽ 1950-ലെ തിരുവിതാംകൂർ- കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ ആക്റ്റിലെ (1950-ലെ XV-ാം ആക്റ്റ്) 2-ാം വകുപ്പ് (ഡി) ഖണ്ഡപ്രകാരമോ 1951-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ ആക്റ്റിലെ (1951-ലെ XIX-ാം മദ്രാസ് ആക്റ്റ്) 6-ാം വകുപ്പ് (11)-ാം ഖണ്ഡപ്രകാരമോ 1978-ലെ ഗുരുവായൂർ ദേവസ്വം ആക്റ്റിന്റെ (1978-ലെ 14) 2-ാം വകുപ്പ് (എഫ്) ഖണ്ഡപ്രകാരമോ 2005-ലെ കൂടൽമാണിക്യം ദേവസ്വം ആക്റ്റിന്റെ (2007-ലെ 2) 2-ാം വകുപ്പ് (ജി) ഖണ്ഡപ്രകാരമോ നിർവ്വചിക്കപ്പെട്ട പ്രകാരമുള്ള ആളുകൾ എന്നർത്ഥമാകുന്നു;

(എൻ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾ പ്രകാരം നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ഒ) "റഗുലേഷൻ" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കപ്പെട്ട റഗുലേഷൻ എന്നർത്ഥമാകുന്നു;

(പി) "മത എൻഡോവ്മെന്റ്" അല്ലെങ്കിൽ "എൻഡോവ്മെന്റ്" എന്നാൽ 1951-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ ആക്റ്റിലെ (1951-ലെ XIX-ാം മദ്രാസ് ആക്റ്റ്) 6-ാം വകുപ്പ് (14)-ാം ഖണ്ഡത്തിൽ നിർവ്വചിക്കപ്പെട്ട പ്രകാരമുള്ള മത എൻഡോവ്മെന്റ് അല്ലെങ്കിൽ എൻഡോവ്മെന്റ് എന്നർത്ഥമാകുന്നു;

(ക്യൂ) "മതസ്ഥാപനം" എന്നാൽ 1951-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ ആക്റ്റിലെ (1951-ലെ XIX-ാം മദ്രാസ് ആക്റ്റ്) 6-ാം വകുപ്പ് (15)-ാം ഖണ്ഡത്തിൽ നിർവ്വചിക്കപ്പെട്ട പ്രകാരമുള്ള മതസ്ഥാപനം എന്നർത്ഥമാകുന്നു;

(ആർ) "സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു;

(എസ്) "ട്രൈബ്യൂണൽ" എന്നാൽ ഈ ആക്റ്റിന്റെ 3-ാം വകുപ്പ് പ്രകാരം രൂപീകരിച്ച കേരള ദേവസ്വം ട്രൈബ്യൂണൽ എന്നർത്ഥമാകുന്നു;

(ടി) "ട്രസ്റ്റി" എന്നാൽ 1950-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ ആക്റ്റിലെ (1950-ലെ XV-ാം ആക്റ്റ്) 61-ാം വകുപ്പ് (9)-ാം ഖണ്ഡപ്രകാരം അല്ലെങ്കിൽ 1951-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ ആക്റ്റിലെ (1951-ലെ XIX-ാം മദ്രാസ് ആക്റ്റ്) 6-ാം വകുപ്പ് (19)-ാം ഖണ്ഡപ്രകാരം നിർവ്വചിക്കപ്പെട്ട പ്രകാരമുള്ള ട്രസ്റ്റി എന്നർത്ഥമാകുന്നു.

3. ഈ ആക്റ്റിൽ ഉപയോഗിച്ചിട്ടുള്ളതും നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ 1951-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ ആക്റ്റ് (1951-ലെ XIX-ാം മദ്രാസ് ആക്റ്റ്), 1950-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ ആക്റ്റ് (1950-ലെ XV-ാം ആക്റ്റ്), 1978-ലെ ഗുരുവായൂർ ദേവസ്വം ആക്റ്റ് (1978-ലെ 14), 2005-ലെ കൂടൽ മാണിക്യം ദേവസ്വം ആക്റ്റ് (2007-ലെ 2) എന്നീ ആക്റ്റുകൾക്ക് കീഴിൽ നിർവ്വചിക്കപ്പെട്ടിട്ടുള്ളതുമായ പദങ്ങൾക്കും പദപ്രയോഗങ്ങൾക്കും പ്രസ്തുത ആക്റ്റുകളിൽ അവയ്ക്കു നൽകിയിട്ടുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

4. <u>ട്രൈബ്യൂണലിന്റെ രൂപീകരണവും അതിന്റെ ഘടനയും</u>—(1) സർക്കാർ, വിജ്ഞാപനം വഴി, ഈ ആക്റ്റിൻ കീഴിലുള്ള അധികാരങ്ങളും ചുമതലകളും വിനിയോഗിക്കുന്നതിനായി കേരള ദേവസ്വം ട്രൈബ്യൂണൽ എന്ന പേരിൽ ഒരു ട്രൈബ്യൂണൽ രൂപീകരിക്കേണ്ടതാണ്.

(2) ട്രൈബ്യൂണലിൽ ഒരു ചെയർപേഴ്സൺ ഉണ്ടായിരിക്കുന്നതും, അദ്ദേഹം സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, സർവ്വീസിൽ നിന്നും വിരമിച്ച ജില്ലാ ജഡ്ജി (സൂപ്പർ ടൈം സ്കെയിൽ) ആയിരിക്കുന്നതുമാണ്.

(3) ട്രൈബ്യൂണലിന്റെ ചെയർപേഴ്സൺ ഹിന്ദുമതത്തിൽപ്പെട്ടതും ക്ഷേത്രാരാധനയിലും ആചാരങ്ങളിലും വിശ്വാസമുള്ളയാളുമായിരിക്കേണ്ടതാണ്.

(4) ട്രൈബ്യൂണലിലെ ചെയർപേഴ്സന് നൽകേണ്ടതായ ശമ്പളവും ബത്തകളും സേവനം സംബന്ധിച്ച മറ്റു നിബന്ധനകളും ഉപാധികളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

(5) ട്രൈബ്യൂണൽ, 1960-ലെ ഇന്ത്യൻ ശിക്ഷാ നിയമസംഹിതയുടെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന പബ്ലിക് സർവ്വന്റായി കരുതപ്പെടുന്നതാണ്.

(6) ട്രൈബ്യൂണലിന്റെ ചെയർപേഴ്സന്, അതിന്റെ പ്രവർത്തനത്തിനുവേണ്ട സാമ്പത്തികവും ഭരണപരവുമായ അധികാരങ്ങൾ വിനിയോഗിക്കുകയോ ആയത് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം രജിസ്ട്രാർക്ക് ഏൽപ്പിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

(7) ട്രൈബ്യൂണലിന്റെ ആസ്ഥാനം തിരുവനന്തപുരത്തായിരിക്കുന്നതാണ്.

5. <u>ഔദ്യോഗിക കാലാവധി</u>—(1) ട്രൈബ്യൂണലിലെ അംഗത്തിന് ഔദ്യോഗിക സ്ഥാനം ഏറ്റെടുത്ത തീയതി മുതൽ അഞ്ച് വർഷക്കാലമോ അറുപത്തിയഞ്ചു വയസ്സു തികയുന്നതുവരെയോ ഇതിൽ ഏതാണോ ആദ്യം പൂർത്തിയാകുന്നത്, അതുവരെ ഔദ്യോഗികസ്ഥാനം വഹിക്കാവുന്നതാണ്.

(2) ട്രൈബ്യൂണലിലെ ചെയർപേഴ്സന് പുനർനിയമനത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

(3) ട്രൈബ്യൂണൽ പുറപ്പെടുവിക്കുന്ന ഏതൊരു നടപടിയും അല്ലെങ്കിൽ നടപടിക്രമങ്ങളും അതിന്റെ രൂപീകരണത്തിലുള്ള ന്യൂനതയോ ക്രമക്കേടോ കാരണമായി മാത്രം അസാധുവാകുന്നതല്ല.

6. <u>ട്രൈബ്യൂണലിലെ ഉദ്യോഗസ്ഥരും ജീവനക്കാരും</u>.—(1) ഹൈക്കോടതിയിലെ ചീഫ് ജസ്റ്റിസുമായി കൂടിയാലോചിച്ച് സബ് ജഡ്ജിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെയോ അല്ലെങ്കിൽ ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ നിയമ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥനെയോ ട്രൈബ്യൂണലിന്റെ രജിസ്ട്രാർ ആയി സർക്കാർ നാമനിർദ്ദേശം ചെയ്യേണ്ടതാണ്.

(2) രജിസ്ട്രാർ, ട്രൈബ്യൂണലിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായിരിക്കുന്നതാണ്.

(3) രജിസ്ട്രാറുടെ അധികാരങ്ങളും ചുമതലകളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

(4) സർക്കാർ, ട്രൈബ്യൂണലുമായി കൂടിയാലോചിച്ച് ട്രൈബ്യൂണലിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിന് സഹായിക്കുന്നതിനാവശ്യമായ രജിസ്ട്രാർ ഒഴികെയുള്ള, ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും കേഡർ സ്ട്രെങ്ങ്തും വിഭാഗങ്ങളും നിശ്ചയിക്കേണ്ടതും അപ്രകാരമുള്ള ഉദ്യോഗസ്ഥരെയും ജീവനക്കാരെയും ട്രൈബ്യൂണലിന് നൽകേണ്ടതുമാണ്.

(5) ട്രൈബ്യൂണലിലെ ഉദ്യോഗസ്ഥരും ജീവനക്കാരും ഹിന്ദുമതത്തിൽപ്പെടുന്നവരും ക്ഷേത്രാരാധനയിലും ആചാരങ്ങളിലും വിശ്വാസമുള്ളവരുമായിരിക്കേണ്ടതാണ്.

(6) രജിസ്ട്രാർക്ക് ട്രൈബ്യൂണലിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും മേൽ ഭരണപരമായ നിയന്ത്രണം ഉണ്ടായിരിക്കുന്നതാണ്.

(7) ട്രൈബ്യൂണലിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും ശമ്പളവും ബത്തകളും സേവന വ്യവസ്ഥകളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

7. <u>ട്രൈബ്യൂണലിന്റെ അധികാരിത</u>.—(1) ട്രൈബ്യൂണലിന് കേരള സംസ്ഥാനം മുഴുവനും അധികാരിത ഉണ്ടായിരിക്കുന്നതാണ്.

(2) ട്രൈബ്യൂണലിന് അത് നിശ്ചയിക്കാവുന്ന പ്രകാരമുള്ള സംസ്ഥാനത്തെ സ്ഥലങ്ങളിൽ സിറ്റിംഗ് നടത്താവുന്നതാണ്.

8. <u>കേസുകൾ വിചാരണക്കെടുക്കൽ</u>.—(1) ഈ ആക്റ്റിൽ മറ്റുവിധത്തിൽ വ്യക്തമായി വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമൊഴികെ, ദേവസ്വം വസ്തുവകകളുമായി ബന്ധപ്പെട്ട് ട്രൈബ്യൂണലിന് കൈമാറിയിട്ടുള്ള എല്ലാ കേസുകളും തർക്കങ്ങളും സംബന്ധിച്ച വിചാരണയും വിധിനിർണ്ണയവും അതുമായി ബന്ധപ്പെട്ട കാര്യങ്ങളും ട്രൈബ്യൂണൽ നിർവ്വഹിക്കുന്നതാണ്.

(2) ദേവസ്വം ബോർഡോ ദേവസ്വം മാനേജിംഗ് കമ്മിറ്റിയോ അല്ലെങ്കിൽ ദേവസ്വം വസ്തുവകകളിൽ താല്പര്യമുള്ള ഏതെങ്കിലും ആളോ ഫയൽ ചെയ്യുന്ന ഏതൊരു തർക്കവും വിചാരണയ്ക്കെടുക്കുന്നതിന് ട്രൈബ്യൂണലിന് അധികാരമുണ്ടായിരിക്കുന്നതാണ്.

9. <u>ട്രൈബ്യൂണലിന്റെ അധികാരങ്ങൾ</u>.—(1) ട്രൈബ്യൂണലിന്, ഈ ആക്റ്റ് പ്രകാരമോ അതിൻകീഴിലോ നൽകപ്പെട്ടിട്ടുള്ള ഏതെങ്കിലും അധികാരങ്ങൾ വിനിയോഗിക്കേണ്ട ആവശ്യത്തിലേക്കായി, 1908-ലെ സിവിൽ നടപടി നിയമ സംഹിത (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) പ്രകാരം ഒരു വ്യവഹാരം ഒരു സിവിൽ കോടതി വിചാരണ ചെയ്യുമ്പോഴുള്ള അധികാരങ്ങൾ താഴെപ്പറയുന്ന സംഗതികളെ സംബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) ഏതൊരാളെയും ഹാജരാകുവാൻ നിർബന്ധിക്കുകയും അയാളെ സത്യപ്രതിജ്ഞയിൻമേൽ വിസ്തരിക്കുകയും ചെയ്യുക;

(ബി) ഏതൊരു രേഖയും കണ്ടെത്തുന്നതിനും ഹാജരാക്കുന്നതിനും ആവശ്യപ്പെടുക;

(സി) സത്യവാങ്മൂലത്തിന്മേൽ തെളിവ് സ്വീകരിക്കുക;

(ഡി) ഏതെങ്കിലും കോടതിയിൽ നിന്നോ ആഫീസിൽ നിന്നോ ഏതെങ്കിലും പൊതുരേഖയോ അതിന്റെ പകർപ്പോ ആവശ്യപ്പെടുക;

(ഇ) സാക്ഷികളെ വിസ്തരിക്കുന്നതിനു വേണ്ടിയോ ഏതെങ്കിലും വസ്തുവിന്റെയോ രേഖകളുടെയോ പരിശോധനയ്ക്കു വേണ്ടിയോ കമ്മീഷനെ നിയോഗിക്കുക;

(എഫ്) നിർണ്ണയിക്കപ്പെടാവുന്ന മറ്റ് ഏതൊരു കാര്യവും.

(2) ട്രൈബ്യൂണലിന്റെ മുമ്പാകെയുള്ള എല്ലാ നടപടികളും, 1860-ലെ ഇന്ത്യൻ ശിക്ഷാ നിയമ സംഹിതയുടെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 193, 219, 228 എന്നീ വകുപ്പുകളുടെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന നീതിന്യായ നടപടികളായി കരുതപ്പെടേണ്ടതാണ്.

10. ട്രൈബ്യൂണലിലേക്ക് തർക്കങ്ങൾ കൈമാറ്റം ചെയ്യൽ.—തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ ഉത്തരവിലോ വിധിന്യായത്തിലോ വിധിയിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഹൈക്കോടതിയും സുപ്രീംകോടതിയും ഒഴികെയുള്ള ഏതെങ്കിലും കോടതിയുടെയോ മറ്റേതെങ്കിലും അധികാരസ്ഥാനത്തിന്റെയോ മുമ്പാകെ ദേവസ്വം വസ്തുവകകളുമായി ബന്ധപ്പെട്ടുള്ള എല്ലാ തർക്കങ്ങളും ഈ ആക്റ്റ് പ്രകാരം ട്രൈബ്യൂണൽ രൂപീകരിച്ചാലുടൻതന്നെ ട്രൈബ്യൂണലിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നതാണ്.

11. ട്രൈബ്യൂണലിലേക്ക് കേസുകൾ റഫർ ചെയ്യുന്നതിനുള്ള ഹൈക്കോടതിയുടെ അധികാരം.—(1) തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ ഉത്തരവിലോ വിധിന്യായത്തിലോ വിധിയിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ദേവസ്വം വസ്തുവകകളുമായി ബന്ധപ്പെട്ട് തീർപ്പാക്കാതെ നിലവിലിരിക്കുന്ന ഏതൊരു കേസും, ഈ ആക്റ്റ് പ്രകാരം ന്യായനിർണ്ണയം ചെയ്യുവാൻ അധികാരപ്പെടുത്തിയ ട്രൈബ്യൂണലിലേക്ക് അന്തിമവിധിക്കായി, റഫർ ചെയ്യുവാൻ ഹൈക്കോടതിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

(2) അപ്രകാരം റഫർ ചെയ്യുന്നതിൻമേൽ, ട്രൈബ്യൂണലിന് നടപടികളുമായി മുന്നോട്ടുപോകാവുന്നതും ഈ ആക്റ്റ് പ്രകാരം ഉത്തരവുകൾ പാസ്സാക്കാവുന്നതും, ആയത് അന്തിമമായിരിക്കുന്നതുമാണ്.

12. അപേക്ഷ ആർക്കൊക്കെ സമർപ്പിക്കാമെന്ന്.—ദേവസ്വം ബോർഡിനോ ദേവസ്വം മാനേജിംഗ് കമ്മിറ്റിക്കോ ട്രസ്റ്റിക്കോ അല്ലെങ്കിൽ ദേവസ്വം വസ്തുവകകളിൽ താല്പര്യമുള്ള ആളുകൾക്കോ ദേവസ്വം വസ്തുവകകളുമായി ബന്ധപ്പെട്ടോ അല്ലെങ്കിൽ

ദേവസ്വം ബോർഡിന്റെയോ ദേവസ്വം മാനേജിംഗ് കമ്മിറ്റികളുടെയോ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ള മറ്റേതെങ്കിലും വസ്തുവകകളുമായി ബന്ധപ്പെട്ട ഏതെങ്കിലും തർക്കമോ പ്രശ്നമോ മറ്റേതെങ്കിലും കാര്യമോ തീരുമാനിക്കുന്നതിനായി ട്രൈബ്യൂണലിന് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിൽ അപേക്ഷ നൽകാവുന്നതും അപ്രകാരമുള്ള അപേക്ഷയോടൊപ്പം നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള ഫീസ് നൽകേണ്ടതുമാണ്.

13. ബോർഡിനെതിരെയുള്ള കക്ഷികളുടെ അപേക്ഷകളെ സംബന്ധിച്ച നോട്ടീസ്.— ഈ ആക്റ്റിനോ അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ട ഏതെങ്കിലും ചട്ടങ്ങൾക്കോ അനുസൃതമായി ചെയ്തതോ ചെയ്തതായി കരുതുന്നതോ ആയ ഏതെങ്കിലും പ്രവൃത്തി സംബന്ധിച്ച്, വ്യവഹാര കാരണം, അപേക്ഷകന്റെ പേര്, വിവരണം, താമസസ്ഥലം, അയാൾ അവകാശപ്പെടുന്ന നിവൃത്തി എന്നിവ പ്രസ്താവിച്ചുകൊണ്ടുള്ള രേഖാമൂലമുള്ള നോട്ടീസ് നേരിട്ടോ തപാൽ മുഖേനയോ ബോർഡിന്റെയോ ട്രസ്റ്റിയുടെയോ ഓഫീസിൽ നൽകിയതിനുശേഷം പതിനഞ്ച് ദിവസം കഴിയുന്നതിനു മുൻപായി, ബോർഡിനോ ദേവസ്വം മാനേജിംഗ് കമ്മിറ്റിക്കോ എതിരായി യാതൊരു അപേക്ഷയും ഫയൽ ചെയ്യുവാൻ പാടില്ലാത്തതും അപ്രകാരമുള്ള അപേക്ഷയോടൊപ്പം അപ്രകാരം നോട്ടീസ് നൽകിയതിന്റെയോ അയച്ചതിന്റെയോ ഒരു പ്രസ്താവന കൂടി ഉണ്ടായിരിക്കേണ്ടതുമാണ്.

14. ട്രൈബ്യൂണലിന്റെ നോട്ടീസ്.—ദേവസ്വം വസ്തുവകകളുമായി ബന്ധപ്പെട്ടോ അല്ലെങ്കിൽ ദേവസ്വം ബോർഡിന്റെയോ ദേവസ്വം മാനേജിംഗ് കമ്മിറ്റിയുടെയോ അവകാശവുമായി ബന്ധപ്പെട്ടോ ഉള്ള എല്ലാ നടപടികൾക്കും, അങ്ങനെയുള്ള നടപടികൾ ആരംഭിക്കുന്ന കക്ഷികളുടെ ചെലവിൽ എതിർകക്ഷികൾക്ക് ട്രൈബ്യൂണൽ നോട്ടീസ് നൽകേണ്ടതാണ്.

15. ട്രൈബ്യൂണലിന്റെ വിധി അന്തിമമായിരിക്കുന്നതാണ്.—ട്രൈബ്യൂണലിന്റെ വിധി അന്തിമമായിരിക്കുന്നതും അപേക്ഷയിലെ കക്ഷികൾക്ക് ബാധകമായിരിക്കുന്നതും അതിന് അധികാരിതയുള്ള ഒരു സിവിൽ കോടതി പാസ്സാക്കിയ വിധിയുടെ പ്രാബല്യം ഉണ്ടായിരിക്കുന്നതുമാണ്.

16. അപ്പീൽ.—(1) ബോർഡിനോ ദേവസ്വം മാനേജിംഗ് കമ്മിറ്റിക്കോ ട്രൈബ്യൂണലിന്റെ തീരുമാനം കാരണം സങ്കടമനുഭവിക്കുന്ന ഏതൊരു ആളിനോ, പ്രസ്തുത തീരുമാനത്തിന്റെ തീയതി മുതൽ അറുപത് ദിവസങ്ങൾക്കകം പ്രസ്തുത തീരുമാനത്തിനെതിരെ ഹൈക്കോടതി മുമ്പാകെ അപ്പീൽ ഫയൽ ചെയ്യാവുന്നതാണ്.

(2) അപ്പീൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിലും അപ്രകാരം സത്യബോധപ്പെടുത്തിയിരിക്കേണ്ടതും അപ്രകാരമുള്ള ഫീസ് സഹിതവുമായിരിക്കേണ്ടതാണ്.

17. ഉത്തരവുകൾ നടപ്പിലാക്കൽ.—ട്രൈബ്യൂണലിന്റെ ഒരു ഉത്തരവ്, അപ്രകാരമുള്ള ഉത്തരവ് നടപ്പിലാക്കുന്നതിനായി, ഏത് സിവിൽ കോടതി മുമ്പാകെയാണോ സമർപ്പിക്കപ്പെട്ടത് പ്രസ്തുത കോടതി, 1908-ലെ സിവിൽ നടപടി നിയമസംഹിതയിലെ (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) വ്യവസ്ഥകൾക്ക് അനുസൃതമായി നടപ്പിലാക്കേണ്ടതാണ്.

18. ട്രൈബ്യൂണൽ നടപടിക്രമങ്ങൾ സത്വരമായി നിർവ്വഹിക്കേണ്ടതും അതിന്റെ തീരുമാനങ്ങളുടെ പകർപ്പ് കക്ഷികൾക്ക് നൽകേണ്ടതുമാണെന്ന്.—ദേവസ്വം വസ്തുവകകൾ സംബന്ധിച്ച ഏതെങ്കിലും തർക്കം തീരുമാനിക്കുന്നതിനോ അല്ലെങ്കിൽ മറ്റേതെങ്കിലും കാര്യങ്ങൾക്കോ വേണ്ടിയുള്ള അപേക്ഷ ട്രൈബ്യൂണലിന് സമർപ്പിക്കുമ്പോൾ, അപ്രകാരമുള്ള തർക്കമോ കാര്യമോ കഴിയുന്നത്ര വേഗത്തിൽ തീർപ്പാക്കേണ്ടതും, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള രീതിയിൽ രേഖാമൂലമുള്ള ഉത്തരവുകൾ പാസ്സാക്കേണ്ടതുമാണ്.

19. സിവിൽ കോടതികളുടെ അധികാരിതയ്ക്ക് വിലക്ക്.—ഈ ആക്റ്റിന്റെ പ്രാരംഭതീയതി മുതൽ, ഈ ആക്റ്റ് പ്രകാരമോ അതിൻ കീഴിലോ ട്രൈബ്യൂണൽ തീരുമാനിക്കേണ്ടതായ ഏതെങ്കിലും ദേവസ്വം വസ്തുവകകളുമായോ അല്ലെങ്കിൽ മറ്റേതെങ്കിലും കാര്യങ്ങളുമായോ ബന്ധപ്പെട്ട, തർക്കമോ പ്രശ്നമോ ഏതെങ്കിലും കാര്യമോ സംബന്ധിച്ച് യാതൊരു വ്യവഹാരമോ മറ്റു നിയമ നടപടികളോ യാതൊരു സിവിൽ കോടതി മുമ്പാകെയും നിലനിൽക്കുന്നതല്ല.

20. ഉത്തമവിശ്വാസത്തിൽ ചെയ്ത പ്രവൃത്തികൾക്ക് സംരക്ഷണം.—ഈ ആക്റ്റോ അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളോ പ്രകാരം ഉത്തമവിശ്വാസത്തിൽ ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് ഈ ആക്റ്റ് പ്രകാരം നിയമിക്കപ്പെടുന്ന, ട്രൈബ്യൂണലിലെ ഏതെങ്കിലും ഉദ്യോഗസ്ഥന് എതിരായി യാതൊരു വ്യവഹാരമോ നിയമനടപടിയോ നിലനിൽക്കുന്നതല്ല.

21. രജിസ്ട്രാറും മറ്റു ഉദ്യോഗസ്ഥരും ജീവനക്കാരും പബ്ലിക് സർവ്വന്റുമാർ ആയിരിക്കുമെന്ന്.—ഈ ആക്റ്റോ അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളോ പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിനോ നിർവ്വഹിക്കുന്നതിനോ ട്രൈബ്യൂണലിൽ നിയമിക്കപ്പെടുന്ന രജിസ്ട്രാറും മറ്റെല്ലാ ഉദ്യോഗസ്ഥരും ജീവനക്കാരും 1860-ലെ ഇൻഡ്യൻ ശിക്ഷാ നിയമ സംഹിതയിലെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന പബ്ലിക് സർവ്വന്റുമാരായി കരുതപ്പെടുന്നതാണ്.

22. <u>ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം.</u>—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്ന ആവശ്യത്തിലേക്കായി ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും താഴെപ്പറയുന്ന എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ കാര്യങ്ങളെ സംബന്ധിച്ച് അങ്ങനെയുള്ള ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:-

(എ) ട്രൈബ്യൂണലിന്റെ ചെയർപേഴ്സന്റെ ശമ്പളവും ബത്തകളും അദ്ദേഹത്തിന്റെ സേവനം സംബന്ധിച്ച നിബന്ധനകളും വ്യവസ്ഥകളും;

(ബി) ട്രൈബ്യൂണലിലെ ചെയർപേഴ്സൺ, രജിസ്ട്രാർക്ക് ഏൽപ്പിച്ചു കൊടുക്കുന്ന ഭരണപരവും സാമ്പത്തികവുമായ അധികാരങ്ങൾ;

(സി) രജിസ്ട്രാറുടെ അധികാരങ്ങളും ചുമതലകളും;

(ഡി) ട്രൈബ്യൂണലിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും ശമ്പളവും ബത്തകളും സേവനം സംബന്ധിച്ച നിബന്ധനകളും വ്യവസ്ഥകളും;

(ഇ) തർക്കങ്ങൾ ന്യായനിർണ്ണയം നടത്തുന്നതിനുള്ള അപേക്ഷയുടെ ഫാറവും ട്രൈബ്യൂണൽ ഈടാക്കേണ്ടതായ ഫീസും;

(എഫ്) അപ്പീൽ ഫയൽ ചെയ്യേണ്ട ഫാറവും ഈടാക്കേണ്ട ഫീസും;

(ജി) രേഖാമൂലമുള്ള ഉത്തരവുകൾ പാസ്സാക്കേണ്ട രീതി;

(എച്ച്) നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റേതെങ്കിലും സംഗതികൾ.

(3) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കുന്ന ഏതൊരു ചട്ടവും, അതുണ്ടാക്കിയതിനുശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ നിയമസഭ മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാലു ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ്, നിയമസഭ, പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന്, അതിനുശേഷം അതതുസംഗതിപോലെ, അപ്രകാരം രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ, അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതു മാകുന്നു; എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ

റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

23. <u>റഗുലേഷനുകൾ ഉണ്ടാക്കുവാനുള്ള ട്രൈബ്യൂണലിന്റെ അധികാരം</u>.—ട്രൈബ്യൂണലിന്, സർക്കാരിന്റെ മുൻകൂർ അനുമതിയോടെ, അതിന്റെ സ്വന്തം നടപടിക്രമങ്ങൾ നിയന്ത്രിക്കുന്നതിന് ഈ ആക്റ്റിന്റെയും അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളുടെയും വ്യവസ്ഥകൾക്കനുസൃതമായി റഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ്.

24. <u>വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം</u>.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിന് എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്ന പക്ഷം, സർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന ഉത്തരവ് വഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതും വൈഷമ്യം നീക്കം ചെയ്യുന്നതിന് ആവശ്യമെന്നോ യുക്തമെന്നോ കരുതുന്നതുമായ വ്യവസ്ഥകൾ ഉണ്ടാക്കുകയോ അങ്ങനെയുള്ള നടപടികൾ എടുക്കുകയോ ചെയ്യാവുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള യാതൊരു ഉത്തരവും ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതി മുതൽ രണ്ടു വർഷക്കാലത്തിന് ശേഷം ഉണ്ടാക്കുവാൻ പാടില്ലാത്തതാണ്:

എന്നിരുന്നാലും, (1)-ാം ഉപവകുപ്പിൻ കീഴിലുള്ള ഒരു ഉത്തരവിന് ഈ ആക്റ്റിന്റെ പ്രാബല്യത്തീയതിക്ക് മുൻപല്ലാത്ത ഏതൊരു തീയതി മുതലും പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻ കീഴിൽ പുറപ്പെടുവിച്ച ഒരു ഉത്തരവ്, അത് പുറപ്പെടുവിച്ചതിനു ശേഷം എത്രയും പെട്ടെന്ന് നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

ദേവസ്വം വസ്തുവകകളെ സംബന്ധിച്ച് ഹൈക്കോടതിയിലും സുപ്രീംകോടതിയിലും ഒഴികെ ഏതെങ്കിലും കോടതികളിലോ മറ്റേതെങ്കിലും അധികാരസ്ഥാനത്തിന്റെയോ മുൻപാകെ നിലവിലുള്ള എല്ലാ തർക്കങ്ങളും വേഗത്തിൽ തീർപ്പാക്കുന്നതിനും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ WP(C) No.22027/ 2013-ാം നമ്പർ കേസിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിലും സംസ്ഥാനത്തെ ദേവസ്വം ബോർഡുകളുടെയും ദേവസ്വം മാനേജിംഗ് കമ്മിറ്റികളുടെയും ഭരണ നിർവ്വഹണത്തിനു കീഴിലുള്ള ദേവസ്വം വസ്തുവകകൾ സംബന്ധിച്ച തർക്കങ്ങൾ തീർപ്പുകൽപ്പിക്കുന്നതിന് കേരള ദേവസ്വം ട്രൈബ്യൂണൽ രൂപീകരിക്കുവാൻ സർക്കാർ തീരുമാനിക്കുകയുണ്ടായി.

2. പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിന്റെ 4-ാം ഖണ്ഡം (4)-ാം ഉപഖണ്ഡവും 6-ാം ഖണ്ഡം (7)-ാം ഉപഖണ്ഡവും ട്രൈബ്യൂണലിലെ ചെയർപേഴ്സനും ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും ശമ്പളവും ബത്തയും നൽകുന്നതിന് വ്യവസ്ഥ ചെയ്യുന്നു. ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരുകയും ചെയ്താൽ പ്രസ്തുത ഇനത്തിൽ പ്രതിവർഷം എഴുപത് ലക്ഷം രൂപ ആവർത്തക ചെലവായും മുപ്പത് ലക്ഷം രൂപ അനാവർത്തക ചെലവായും സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും ചെലവ് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 4-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം, വിജ്ഞാപനം വഴി, കേരള ദേവസ്വം ട്രൈബ്യൂണൽ രൂപീകരിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

2. ബില്ലിലെ 4-ാം ഖണ്ഡം (4)-ാം ഉപഖണ്ഡം ട്രൈബ്യൂണലിലെ ചെയർപേഴ്സന് നൽകേണ്ടതായ ശമ്പളവും ബത്തകളും സേവനം സംബന്ധിച്ച മറ്റു നിബന്ധനകളും ഉപാധികളും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

3. ട്രൈബ്യൂണലിന്റെ പ്രവർത്തനത്തിനുവേണ്ട സാമ്പത്തികവും ഭരണപരവുമായ അധികാരങ്ങൾ രജിസ്ട്രാർക്ക് ഏൽപ്പിച്ചുകൊടുക്കുന്നത് നിർണ്ണയിക്കുന്നതിന് ബില്ലിലെ 4-ാം ഖണ്ഡം (6)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

4. ബില്ലിലെ 6-ാം ഖണ്ഡം (3)-ാം ഉപഖണ്ഡം, രജിസ്ട്രാറുടെ അധികാരങ്ങളും ചുമതലകളും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

5. ബില്ലിലെ 6-ാം ഖണ്ഡം (7)-ാം ഉപഖണ്ഡം, ട്രൈബ്യൂണലിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും ശമ്പളവും ബത്തകളും സേവന വ്യവസ്ഥകളും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

6. ബില്ലിലെ 9-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം (എഫ്) ഇനം ട്രൈബ്യൂണലിന് അധികാരം വിനിയോഗിക്കാവുന്ന മറ്റ് ഏതൊരു കാര്യവും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

7. ബില്ലിലെ 12-ാം ഖണ്ഡം ട്രൈബ്യൂണലിൽ സമർപ്പിക്കേണ്ട അപേക്ഷാഫാറവും അപേക്ഷയോടൊപ്പം നൽകേണ്ട ഫീസും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

8. ബില്ലിലെ 16-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം അപ്പീൽ സമർപ്പിക്കേണ്ട ഫാറവും ഫീസും നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

9. ബില്ലിലെ 18-ാം ഖണ്ഡം രേഖാമൂലമുള്ള ഉത്തരവുകൾ പാസ്സാക്കേണ്ട രീതി നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

10. ബില്ലിലെ 22-ാം ഖണ്ഡം സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

11. ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അല്ലെങ്കിൽ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കാവുന്നത് അവ നടപടിക്രമങ്ങൾ സംബന്ധിച്ചുള്ളതോ സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോട് കൂടിയവയോ ആകുന്നു. കൂടാതെ, അപ്രകാരമുള്ള ചട്ടങ്ങളും വിജ്ഞാപനങ്ങളും അവ ഉണ്ടാക്കിയതിനുശേഷം നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം, അതിനാൽ, സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

കടകംപള്ളി സുരേന്ദ്രൻ.

## ഖണ്ഡങ്ങളിന്മേലുള്ള കുറിപ്പുകൾ

2-ാം ഖണ്ഡം.—ബില്ലിൽ ഉപയോഗിച്ചിട്ടുള്ള ചില വാക്കുകളും പദപ്രയോഗങ്ങളും നിർവ്വചിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

3-ാം ഖണ്ഡം.—ഈ ബില്ലിൽ ഉപയോഗിച്ചിട്ടുള്ളതും നിർവ്വചിച്ചിട്ടില്ലാത്തതുമായ പദങ്ങൾക്കും പദപ്രയോഗങ്ങൾക്കുമുള്ള അർത്ഥം സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

4-ാം ഖണ്ഡം.—വിജ്ഞാപനം വഴി കേരള ദേവസ്വം ട്രൈബ്യൂണൽ രൂപീകരിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

5-ാം ഖണ്ഡം.—ട്രൈബ്യൂണലിന്റെ അംഗത്തിന്റെ ഔദ്യോഗിക കാലാവധി വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

6-ാം ഖണ്ഡം.—ട്രൈബ്യൂണലിലെ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നിയമിക്കുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

7-ാം ഖണ്ഡം.—ട്രൈബ്യൂണലിന്റെ അധികാരിത സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

8-ാം ഖണ്ഡം.—ട്രൈബ്യൂണലിൽ കേസുകൾ വിചാരണക്കെടുക്കുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

9-ാം ഖണ്ഡം.—ട്രൈബ്യൂണലിന്റെ അധികാരങ്ങൾ വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

10-ാം ഖണ്ഡം.—ദേവസ്വം വസ്തുവകകളുമായി ബന്ധപ്പെട്ടുള്ള എല്ലാ തർക്കങ്ങളും ട്രൈബ്യൂണലിലേക്ക് കൈമാറ്റം ചെയ്യുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

11-ാം ഖണ്ഡം.—ട്രൈബ്യൂണലിലേക്ക് കേസുകൾ റഫർ ചെയ്യുന്നതിനുള്ള ഹൈക്കോടതിയുടെ അധികാരം സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

12-ാം ഖണ്ഡം.—ട്രൈബ്യൂണലിലേക്കുള്ള അപേക്ഷ ആർക്കൊക്കെ സമർപ്പിക്കാമെന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

13-ാം ഖണ്ഡം.—ബോർഡിനെതിരെയുള്ള കക്ഷികളുടെ അപേക്ഷകളെ സംബന്ധിച്ച നോട്ടീസ് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

14-ാം ഖണ്ഡം.—ദേവസ്വം വസ്തുവകകളുമായി ബന്ധപ്പെട്ടോ അല്ലെങ്കിൽ ദേവസ്വം ബോർഡിന്റെയോ ദേവസ്വം മാനേജിംഗ് കമ്മിറ്റിയുടെയോ അവകാശവുമായി ബന്ധപ്പെട്ടോ ഉള്ള നടപടികൾ ആരംഭിക്കുന്ന കക്ഷികളുടെ ചെലവിൽ എതിർകക്ഷികൾക്ക് ട്രൈബ്യൂണൽ നോട്ടീസ് നൽകുന്നത് സംബന്ധിച്ചും അങ്ങനെയുള്ള നടപടികൾ സംബന്ധിച്ചും വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടു ള്ളതാണ് ഈ ഖണ്ഡം.

15-ാം ഖണ്ഡം.—ട്രൈബ്യൂണലിന്റെ വിധി അന്തിമമായിരിക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

16-ാം ഖണ്ഡം.—ട്രൈബ്യൂണലിന്റെ തീരുമാനത്തിനെതിരെ ഹൈക്കോടതി മുമ്പാകെ അപ്പീൽ ഫയൽ ചെയ്യുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

17-ാം ഖണ്ഡം.—ട്രൈബ്യൂണലിന്റെ ഉത്തരവ് നടപ്പിലാക്കുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

18-ാം ഖണ്ഡം.—ട്രൈബ്യൂണൽ നടപടിക്രമങ്ങൾ സത്വരമായി നിർവ്വഹിക്കുന്നത് സംബന്ധിച്ചും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള രീതിയിൽ രേഖാമൂലമുള്ള ഉത്തരവുകൾ പാസ്സാക്കുന്നത് സംബന്ധിച്ചും വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ഖണ്ഡം.

19-ാം ഖണ്ഡം.—ട്രൈബ്യൂണൽ തീരുമാനിക്കേണ്ടതായ ഏതെങ്കിലും കാര്യം സംബന്ധിച്ച് സിവിൽ കോടതികളുടെ അധികാരിതയ്ക്ക് വിലക്ക് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

20-ാം ഖണ്ഡം.—ട്രൈബ്യൂണലിലെ ഉദ്യോഗസ്ഥർ ഉത്തമവിശ്വാസത്തിൽ ചെയ്ത പ്രവൃത്തികൾക്ക് സംരക്ഷണം നല്കുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

21-ാം ഖണ്ഡം.—ട്രൈബ്യൂണലിൽ നിയമിക്കപ്പെടുന്ന രജിസ്ട്രാറും മറ്റ് ഉദ്യോഗസ്ഥരും ജീവനക്കാരും പബ്ലിക് സർവ്വന്റുമാർ ആയിരിക്കുമെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

22-ാം ഖണ്ഡം.—ആക്റ്റിലെ എല്ലാമോ ഏതെങ്കിലുമോ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

23-ാം ഖണ്ഡം.—ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളുടെയും വ്യവസ്ഥകൾക്കനുസൃതമായി റഗുലേഷനുകൾ ഉണ്ടാക്കുവാൻ ട്രൈബ്യൂണലിനെ അധികാരപ്പെടുത്തുവാൻ വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

24-ാം ഖണ്ഡം.—ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിന് ഉണ്ടാകാവുന്ന ഏതെങ്കിലും വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള ഉത്തരവുകൾ പുറപ്പെടുവിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

---